ഉത്തരം

(എ) നിയമാനുസരണമുള്ള ആനുകൂല്യമാണ്.

(ബി) എന്തുകാരണം കൊണ്ടായാലും ഫാമിലി പെൻഷൻ അധികതുക പറ്റുന്നത് തിരിച്ചടയ്ക്കാൻ പെൻഷൻകാർ ബാദ്ധ്യസ്ഥരാണ്. ഇതു സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ ഉണ്ട്.

(സി) ബന്ധപ്പെട്ട ഫാമിലി പെൻഷൻകാരുടെ അപേക്ഷ കിട്ടിയാൽ ഇക്കാര്യം യോഗ്യത അനുസരിച്ചു പരിഗണിക്കുന്നതാണ്.

(ഡി) തല്ക്കാലം പരിഗണനയിലില്ല.

ബസ്സപകടത്തിൽ മരണമടഞ്ഞവർക്കുള്ള നഷ്ടപരിഹാരത്തുക നൽകാൻ നടപടി

81 [1393] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സപകടത്തിൽ മരണമടഞ്ഞ എത്ര പേർക്ക് എം. എ.സി. ടി. വിധിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ബി) എത്ര വർഷം മുമ്പുവരെയുള്ള അപകടങ്ങൾക്കാണ് ഇപ്രകാരം തുക നൽകാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്രയും കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകാനുള്ള കാരണങ്ങൾ അറിയിക്കാമോ;

(ഡി) ഒ. പി. നമ്പർ എം. വി. 2728/93 പ്രകാരമുള്ള വിധിയനുസരിച്ച് ശ്രീമതി വി. സുശീലാഭായിയ്ക്ക് നഷ്ടപരിഹാരത്തുക നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണങ്ങൾ പറയാമോ;

(എഫ്) മാനുഷിക പരിഗണന നൽകി പ്രസ്തുത തുക എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1728 പേർക്ക്

(ബി) വിവിധ കാരണങ്ങളാൽ 1988 മുതലുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരത്തുക നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ കാരണങ്ങളുണ്ട്. പ്രധാനമായും സാമ്പത്തിക പ്രതിസന്ധി യാണ് കാരണം.

(ഡി) ഇല്ല.

(ഇ) കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് നൽകാൻ സാധിക്കാത്തത്.

(എഫ്) സ്വീകരിക്കുന്നതാണ്.

സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ്

82 [1396] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

„ പി. ജയരാജൻ:

„ മത്തായി ചാക്കോ:

„ പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനിലും സർക്കാർ സഹകരണ യൂണിയനുകളിലും ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ നിലവിലുണ്ടോ;

(ബി) സംസ്ഥാന സഹകരണ യൂണിയൻ ഭരണ സമിതി സംസ്ഥാന സർക്കാർ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ; സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര മാസമായി അധികാരത്തിൽ തുടരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) യൂണിയനുകളിലേക്ക് തെരഞ്ഞെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരള ഹൈക്കോടതിയിൽ പെറ്റീഷൻ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിധി എന്തായിരുന്നു;

(ഡി) സഹകരണ നിയമത്തിലും ചട്ടങ്ങളിലും എന്തെങ്കിലും മാറ്റം വരുത്തി കൊണ്ടാണോ തെരഞ്ഞെടുപ്പ് നടത്തുന്നതെന്ന് വിശദമാക്കാമോ; ചട്ടങ്ങളിലെ മാറ്റം നിർദ്ദേശിച്ചത് ഏത് ഏജൻസിയാണ്; ഇപ്പോഴത്തെ സംസ്ഥാന സഹകരണ യൂണിയന്റെ ഘടന അറിയിക്കാമോ;

(ഇ) സംസ്ഥാന സഹകരണ യൂണിയനിലേക്ക് പട്ടികജാതി/പട്ടികവർഗ്ഗ വനിതാ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly